"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം- ശ്രീ.കിരൺ കെ.എം കൃഷി ഓഫീസർക്ക്, പഠനാവശ്യത്തിനായി **17/06/2023** മുതൽ **31/08/2025** വരെ **807** ദിവസത്തെ ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.**758/2023/AGRI** തീയതി,തിരുവനന്തപുരം, **02-08-2023**

---

പരാമർശം:- . കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **22/06/2023** ലെ **ADFW/7597/2023-SD2** നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ആറളം കൃഷി ഓഫീസറായി **07/06/2023** തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.കിരൺ കെ.എം ന് കേരള കാർഷിക സർവകലാശാലയിൽ ഡോക്ടറേറ്റ് ബിരുദം നേടുന്നതിനായി **17/06/2023** മുതൽ **31/08/2025** വരെ **807** ദിവസത്തേക്ക് ശൂന്യ വേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും കോഴ്സ് സർട്ടിഫിക്കറ്റും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ആറളം കൃഷി ഓഫീസറായി **07/06/2023** തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.കിരൺ കെ .എം ന് പഠനാവശ്യത്തിനായി **17/06/2023** മുതൽ **31/08/2025** വരെ, കെ.എസ്.ആർ ഭാഗം **I**, അനുബന്ധം **XII B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ടിയാൻ അവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിക്കുമ്പോൾ സർവ്വീസിൽ പുതിയതായി പ്രവേശിച്ചതായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ.കിരൺ കെ .എം (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/157/2023-AGRI**)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ